(ഇ) കെ.എസ്. & എസ്.എസ്.ആർ. റൂൾ 8 അനുസരിച്ച് സർക്കാർ ഇറക്കിയിട്ടുള്ള സുപ്രധാന ഉത്തരവുകളുടെ/സർക്കുലറുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(എഫ്) കെ.എസ്. & എസ്.എസ്.ആർ. റൂൾ 8 സംബന്ധിച്ച് ബഹു. ഹൈക്കോടതിയും ബഹു. സുപ്രീം കോടതിയും നടത്തിയിട്ടുള്ള സുപ്രധാന വിധികളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(ജി) ജീവനക്കാർ നീതിനിഷേധത്തിനെതിരെ നിരന്തരം കേസ്സുകൾക്ക് പോകേണ്ടിവരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ; ഇത്തരം കേസ്സുകളിൽ അനാവശ്യമായി ജീവനക്കാരെ പീഡിപ്പിക്കുന്നത് തടയുവാൻ മുഖ്യമന്ത്രിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഒരു പ്രത്യേക അവലോകന സമിതിയെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(എച്ച്) കെ.എസ്. & എസ്.എസ്.ആർ. റൂൾ 8 പ്രകാരം പേരന്റ് ഡിപ്പാർട്ടുമെന്റിലേക്ക് തിരികെവരുന്നതിന് അപേക്ഷ നൽകി കാത്തിരിക്കുന്നവർ എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മാതൃവകുപ്പിൽ പുനർനിയമനം ലഭിക്കുന്നതിനായി ഒരു ജീവനക്കാരൻ പാലിക്കേണ്ട നടപടിക്രമം സംബന്ധിച്ച വ്യവസ്ഥകളൊന്നും തന്നെ ചട്ടത്തിൽ പ്രതിപാദിച്ചിട്ടില്ല.

(സി) അല്ല. ചട്ടപ്രകാരമാണ് നടപടികൾ സ്വീകരിക്കേണ്ടത്.

(ഡി) ഡ്യൂട്ടിയിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കെ.സി.എസ്. (സി.സി&എ) റൂൾസ് പ്രകാരമുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്.

(ഇ) പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(എഫ്) ശേഖരിച്ച് നൽകുന്നതാണ്.

(ജി) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

(എച്ച്) വിവരം ശേഖരിച്ചുവരുന്നു.

ആശ്രിത നിയമനം ഊർജ്ജിതമാക്കാൻ നടപടി

52 (7611) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്രിത നിയമനം ഊർജ്ജിതമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നകാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ-സി) ആശ്രിത നിയമനത്തിനായി അപേക്ഷകർ വർഷങ്ങളോളം കാത്തിരിക്കേണ്ടി വന്നിരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ ആശ്രിത നിയമനം ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി 6-7-2012-ലെ ജി.ഒ.(എംഎസ്.) നമ്പർ.174/12/ജി.എ.ഡി. ഉത്തരവുപ്രകാരം 549 തസ്തികകളും 2-9-2013-ലെ ജി.ഒ.(എംഎസ്.)നമ്പർ.249/13/ജി.എ.ഡി. ഉത്തരവുപ്രകാരം 356 തസ്തികകളും ഉൾപ്പെടെ 905 തസ്തികകൾ അതാത് വകുപ്പുകളിൽത്തന്നെ സൂപ്പർന്യൂമററിയായി സൃഷ്ടിച്ച് നിയമനം നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ 2-6-2014-ലെ ജി.ഒ.(എംഎസ്.)നമ്പർ.131/2014/ജി.എ.ഡി. പ്രകാരം നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റുമാരുടെ 3 സൂപ്പർന്യൂമററി തസ്തികകളും സൃഷ്ടിച്ചുനൽകിയിട്ടുണ്ട്. കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നകാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

പുന്നപ്ര-വയലാർ സ്വാതന്ത്ര്യസമര സേനാനികളുടെ പെൻഷൻ

53 (7612) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുന്നപ്ര-വയലാർ സ്വാതന്ത്ര്യസമരസേനാനികൾക്കുള്ള പെൻഷനിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പെൻഷനോടൊപ്പം എത്ര ശതമാനം ഡി.എ. ആണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഡി.എ. അവസാനമായി വർദ്ധിപ്പിച്ചത് എന്നാണെന്ന് അറിയിക്കുമോ ;

(ഡി) വിലക്കയറ്റം ഇത്രയേറെ രൂക്ഷമായിട്ടും ജീവിതച്ചെലവുകൾ വൻതോതിൽ വർദ്ധിച്ചിട്ടും പുന്നപ്ര-വയലാർ സ്വാതന്ത്ര്യസമര സേനാനികളുടെ പെൻഷനും ഡി.എ.യും വർദ്ധിപ്പിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പെൻഷനും ഡി.എ.യും വർദ്ധിപ്പിച്ചുനൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പുന്നപ്ര-വയലാർ സ്വാതന്ത്ര്യസമര സേനാനികൾക്കുള്ള പെൻഷനിൽ കുടിശ്ശിക വരുത്തിയിട്ടില്ല.

(ബി) 60% ഡി.എ. നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly